# ദേവതയുടെ മുമ്പിൽ

—പി. പി. സഫിയ, തിരൂർ
(പൂർവ്വ വിദ്യാർത്ഥിനി)



മോഹന രാഗങ്ങൾ കണ്ണിലൊതുക്കി
മായിക സ്വപ്നങ്ങൾ മാറത്തടക്കി,
ആരു നീയാരു നീ, കൊച്ചുസ്സരസ്സേ
ആരാമ വീഥിയിലെന്തിന്നണഞ്ഞു ?

ഒരുഗാന സാമ്രാജ്യമുള്ളിലൊതുക്കി
സുരുചിര ചിന്തകൾ നെഞ്ചിലൊതുക്കി
തേൻമാരി പെയ്യുമാനന്ദതേൻ നിലാവിൽ
ഓമനദേവത നിലകൊള്ളുന്നെന്നോ ?
നീറും കരളുമായ് തൂമലർക്കാട്ടിൽ
നീളും കരിനിഴൽ പാറിമറഞ്ഞു
നീണ്ടകരിമിഴിക്കൊണ്ടു കൊരുത്ത
നീർമുത്തു മാലയതാർക്കു ചാർത്താനായ്.
ഓണനിലാവിൽ കുളിച്ചുനിൻ ഗാനം
ഓടി വരുന്നുണ്ടിളം കാററിലിന്നും
ഓരോ വരിയുമെന്നോർമ്മകൾക്കുള്ളിൽ
ഓളമടിക്കുന്ന വേദനയാകാൻ.

മാധുരീസാരമേ നീയെന്തിനേവം
മാറിനിന്നെന്നെക്കളിപ്പിച്ചിടുന്നു.
നിന്നിൽ ഞാനെന്നെ ലയിപ്പിക്കുവാനായ്
നിർന്നിദ്രമെത്രയായ് കാത്തിരിക്കുന്നു !

# കാത്തിരിപ്പ്

—മേപ്പയ്യൂർ കുഞ്ഞമ്മദ്, യു. പി. സി.



മലയാളമങ്കക്ക് പൂത്താലി ചാർത്തുവാ-
നലയാഴി താണ്ടിക്കടന്ന് വന്നോർ
കരിനീലക്കുട്ടകളെഴുതിച്ച കൺകളിൽ
തിരിനീട്ടി യാശതൻ പൂത്തിരികൾ.
ഇത്തിരിപ്പൂക്കളും, പൊന്നിൻകിനാക്കളും,
കൈത്തിരിയേന്തും പ്രതീക്ഷകളും,
ചെണ്ടണിയിച്ചിട്ടമിപ്പൂവനികതൻ
മണ്ഡലം കോരിത്തരിച്ചുനിൽക്കെ:
കടലുകളേറെക്കടന്നവർ കണ്ടുക-
ളിടതിങ്ങും പച്ചച്ചനാട്ടിലെത്തി.
കല്ല്യാണപ്രായത്തിൽ, കല്പകകന്യകൾ
വല്ലാത്ത നാണം കുണുങ്ങിനിന്നു.
മാറിൻതുടിപ്പുമിളനീർ മുലകളി-
ലൂറിയന്നായിരം നൊമ്പരങ്ങൾ!

കാട്ടുകളീ മലനാടിൻകിരീടമാം
മേട്ടുകളേലവും ചന്ദനവും,
മഞ്ഞിളം നൈലോണണിഞ്ഞോരെൻ കേരള-
മങ്കയെ സൌരഭ്യറാണിയാക്കി.
വെള്ളിനിലാവിൻെറ കുഞ്ഞിച്ചിലങ്കക-
ളുള്ളിപ്പിടിച്ച പാദങ്ങളോടെ,
പൊട്ടിച്ചിരിച്ചാർത്ത് പാഞ്ഞിട്ടുമായിരം
കാട്ടാറൊഴുകിടുമെൻെറ നാട്ടിൽ,
കടലുകളേറെക്കടന്നവർ കണ്ണുക-
ളിടതി[illegible]ലണ[illegible].

‘തച്ചോളിച്ചന്തുവും’ ‘പാലാട്ട്കോമനും’
‘തമ്പി’യും പെററ്പിറന്ന മണ്ണിൽ,
‘കുഞ്ഞാലിയും’ ‘വാരിയങ്കുന്നിലാജിയും’
നെഞ്ഞ്വിരുത്തി നടന്ന നാട്ടിൽ,
ഉമ്മിണിത്തങ്കയും ഉണ്ണിയാർച്ചയും മ–
ന്നമിഞ്ഞ നൽകിയ കേരളത്തിൽ,
വാളിൻകിലുക്കങ്ങളട്ടഹാസങ്ങളാൽ
വാണപഴശ്ശി ജയിച്ച കാട്ടിൽ,
വന്ന വിദേശിയരി മലനാട്ടിന്റെ
പൊന്നും പണവും കടൽകടത്താൻ.

സ്വർണ്ണം–കറുത്തപൊന്നേ–റെ വിളയുമി–
സ്വർഗ്ഗഭൂവിങ്കലവരണഞ്ഞു.
രണ്ട്നൂററാണ്ട്കൊണ്ടെന്നമ്മയെക്കൊണ്ട്
തൊണ്ടേടുപ്പിച്ചവർ പിച്ചതെണ്ടാൻ
ഈ മലനാട്ടിൻ ചരിത്രസത്യങ്ങളി–
ലീ വിശുദ്ധാംബതൻ ജീവിതത്തിൽ,
ഓമൽക്കിനാവുകൾചൂടും നിനവുക–
ളായിരമായിരം പൂത്തിരുന്നു.
പാടും നദികളും, കാടും, മലകളും
നാടിതിൻ സ്വപ്നങ്ങൾ നെയ്തിരുന്നു.
വർണ്ണമിയന്നൊരു ഭാവിതൻ നാളക–
ളെണ്ണിയെൻ കേരളം കാത്തിരിപ്പൂ.

# മകനേ ഗമിയ്ക്കു നീ



പി. ബാലകൃഷ്ണൻ നമ്പ്യാർ, ബി.കോം III

[ചീനയുടെ ആക്രമണത്തിൽ ഹൃദയം നൊന്തു ആവേശഭരിതയായ ഒരു വൃദ്ധമാതാവ് ഭാരതാംബയുടെ അഭിമാനം കാക്കുവാൻവേണ്ടി സ്വന്തം മകനെ അടർക്കളത്തിലേക്ക് യാത്രയാക്കുന്ന രംഗമാണ് ഇതിലെ ഇതിവൃത്തം]

മകനേ ഗമിയ്ക്കു നീ മാറു കാട്ടുവാൻ വീരോ-
ടടരാടുവാൻ ചൈനാവ്യൂഹത്തെത്തുരത്തുവാൻ
അവിടെപ്പോർമണ്ണിൽ നീയഥവാ മരിച്ചാലും
അഭിമാനത്താലമ്മ കരയില്ലൊരുനാളും.
ഉരുകും ഹൃദയത്തോടമ്മ നീറുകയില്ല;
ഒരുനാളുമീ വൃദ്ധനയനം നനയില്ല.

ലോകമിന്നലെവരെ കേൾക്കാത്തോരത്യുഗ്രമാം
ക്രൂരവാർത്തയി 'ചീനാമുന്നേറ'മെന്നോമനേ.
വഞ്ചന ചെയ്തിട്ടുണ്ട് ചരിത്രം പലപ്പോഴും
നെഞ്ചിലൊട്ടനേകം പേക്കാഘാത മേററിട്ടുണ്ട്.
തീരാത്ത ദുരാഗ്രഹം തലപൊക്കുകമൂല-
മാരൊക്കെയാരോടെല്ലാ മടരാടിയിട്ടുണ്ട്.
ഭാരതമന്നിൻമക്കൾക്കരിയോടെതിർക്കുവാൻ
ഭീരുത്വമൊരുനാളും ചരിത്രം കണ്ടിട്ടില്ല.
പോവുക വരിച്ചാലും വീരമൃത്യു നീയൊരു
ചീനനെക്കൊന്നാ"ലമ്മ"യ്ക്കഭിമാന മെന്നാളും.

ലോകങ്ങളെല്ലാം വെറുത്തു കയറ്റുബലുമായ്
ദീനയായൊരു കാലം ചീന കേണിരിക്കുമ്പോൾ
"സോദരീ വരൂ നമുക്കൊന്നിച്ചു വാഴാം"മെന്നു
സൌഹൃദം കാണിക്കുവാനിന്ത്യയേ മുതിർന്നുള്ളൂ.
ഓർത്തില്ല നാമന്നൊട്ടും ക്ഷീണമൊന്നകലുമ്പോ-
ളോർത്തുകൊണ്ടേട്ടത്തെത്തും കാളിയാണവളെന്ന്.

പഞ്ചശീലത്തിൽ ദൃഢവിശ്വാസമവൾക്കെന്നു
പഞ്ചാരവാക്കാൽപ്പിന്നെ നാമങ്ങുമയങ്ങിപ്പോയ്.
വഞ്ചനമാത്രം ലക്ഷ്യമാക്കിയിട്ടവളിന്ന്
പഞ്ചാസ്യനെപ്പോലേറ്റമാക്രോശിച്ചടുത്തെത്തി.

താമസം വിനാ നാമിന്നവളോടെതിർക്കാഞ്ഞാൽ
നാമാവശേഷം സർവ്വം ഭാരതമന്നിൻനേട്ടം.
മകനേ ഗമിയ്ക്കുക നീ മാറു കാട്ടുവാൻ വീറോ-
ടടരാടുവാൻ ചൈനാവ്യൂഹത്തെത്തുരത്തുവാൻ!

# നവഭാരതകൃഷ്ണലീല

ഉണ്ണികൃഷ്ണൻ, ചേലേമ്പ്ര (പൂർവ്വവിദ്യാർത്ഥി)

മൂക്കുപതിഞ്ഞൊരു കൂട്ടം, വട്ട-
ത്തലകളുമായിത വന്നിങ്ങൊരു വക
തോക്കുകൾ പേറിക്കൊ,ണ്ടീത്താപസ-
ഭൂമിയെ മെല്ലെക്കൈവശമാക്കാൻ ;
താപസഗുരുവര ! നമ്മുടെ പാവന-
പൂവനശാന്തിയെ വെട്ടിനുറുക്കാൻ.

സടകൾ കുടഞ്ഞെഴുന്നേല്ക്കുക ! ചീന-
പ്പടയണി ചുഴെച്ചീറുകയായീ
പൈശാചികവിഷധൂമസമൂഹം
മകളുടെകേളീ വനതടമാകെ
മഹിതാത്മാവേ ! വാടിവലഞ്ഞു !!

കൊടുമുടിചേർന്നെഴുന്നേല്ക്കുക ക്രൂര-
പ്പടകളടന്നു തെറിച്ചു വിദൂരെ-
ച്ചെന്നു പതിച്ചു ഉലഞ്ഞീടട്ടെ
പിതാമഹ, താവകശക്തികളൊന്നീ-
പ്പാരിടമാകെക്കണ്ടീടട്ടേ !

കൈലാസത്തിലെ മൂന്നാം കണ്ണീ-
കാട്ടാളപ്പരിഷകളെസ്സകലം
കാലഗൃഹത്തിനയക്കാൻ വൈകാൻ
കാരണമെന്താണെന്നു നിനക്കെ-
ക്കരുളു പിടപ്പൂ മക്കൾക്കെല്ലാം
കഷ്ക നാടിന്നാഷ്പിതാവേ !

നിന്റെ മനോഹര താഴ്വരതന്നിലെ
നിർവൃതിപകരും ഭാഗീരഥിയുടെ
നീരണിയുണ്ടു വസിപ്പോർ, നിന്നുടെ
നിസ്തുലമഹിമ പുലർത്താനെഴുവോർ
നിഷ്ഠുരനാമൊരയല്ക്കാരൻ താൻ
നീചാക്രമണ വികമ്പിതരായേ.


നീ പൊങ്ങീടുക ! ജവഹർലാലിൻ
ക്കൈകളിൽ, നീലക്കാർവ്വർണ്ണന്റെ
കരത്തിൽപ്പണ്ടൊരഹങ്കാരത്തെ–
യടക്കാൻ ഗോവർദ്ധനമതു പോലെ
പൊങ്ങിയപോലെ, ഹിമാലയമേ ! യീ–
ച്ചീനേന്ദ്രൻതൻ ദർപ്പമമർത്താൻ.

തളരട്ടേ ചുട്ടചോരപ്പേമഴ
ത്തൂകുവൊരിക്കപ്രഭുവിൻ പടയണി
ഏന്നിട്ടോട്ടവിലമർന്നീടട്ടേ
താഴ്ന്ന ശിരസ്സുകളോടേ, ചാഞ്ഞു–
കുനിഞ്ഞു വളഞ്ഞോരുടലൊ,ടനങ്ങാ–
തങ്ങിനെ വിലസും നിന്റെ പദാന്തേ.
(അപ്പൊഴതവിടെ മുഴങ്ങാകട്ടേ
മുരളിക മുഗ്ദ്ധം ശാന്തിപരത്തി
മുററരപി ഭഗവൽഗീത ചുരത്തി)

ഇളകീടട്ടേ മഞ്ഞക്കാളിയ–
നുള്ളിൽപ്പേറും വിഷമെല്ലാ,മി–
ത്തള്ളിക്കേറിപ്പുളയുന്നതു ക–
ണ്ടെള്ളിട പേടിയെഴായ്‌വിൻ, സകലം
മംഗളമായേ തീരുസമുന്നത–
ഹൃത്താമവിടത്തേയീ മണ്ണിൽ.

ശാന്തികഥിക്കും കിങ്ങിണികെട്ടിയ
ചെന്തളിർപാദവിലോലത നണ്ണി–
യെഴുന്നൊരു വേദനമായ്ച്ചുംകൊണ്ടി–
ണ്ടൊഴുകട്ടേയോടക്കുഴൽഗീത മ–
ത്തുലകിലെ നാനാഹൃദയങ്ങളിലു–
മലച്ചിട്ടു മാറലമാലകളായി
വളർത്തീടാവൂ താവകശൃംഗ–
മുയർന്നീടാവൂ ജയജയ ശംഖം
ഭാരതഭുവി ഹാ വീതാതങ്കം !

# ഒരു വേദനയും — കുറെ വികാരങ്ങളും



എ. മാധവൻ, ബി. എസ്സ്സി. III

വേദനേ വീണ്ടു തളർന്നുറങ്ങീടുമെൻ
ചേതസ്സിലിന്നോ രഗതിയായ് വന്നു നീ........
മുഗ്ദ്ധാഭിലാഷക്കനൽക്കരിക്കട്ടയിൽ
മുത്തുമണികൾ ചികഞ്ഞെടുത്തീടുവാൻ,
ശോകാർദ്ര വീണയിൽ പാടിയുറക്കിയ
മൂകത്തിടമ്പിനു മുത്തമർപ്പിക്കുവാൻ,
നാകീയ സൌഖ്യ ബലികുടീരത്തിൽ നീ
നേദിച്ച നോവിൻ പ്രസാദമുണ്ടീടുവാൻ,
അർച്ചനാമാല്യക്കുരുമണിയെണ്ണി നീ
വെച്ചവനോർമ്മയിൽ ദുർദ്ദിന ദേവതേ!
അന്ധകാരത്തിൻ പടർപ്പുകൾ ചൂഴുമെ-
ന്നന്തരാളത്തിൽ കിളിക്കയാണോർമ്മകൾ! ........

* * *

കിന്നരനാരിമാർ പാടിത്തിമിർക്കുന്ന
വിണ്ണിൻെറ മാറിലലിഞ്ഞു ചേർന്നീടുവാൻ,
വെമ്പുന്ന കാനനച്ചോലപോൽ ജീവനിൽ
മന്ദമൊഴുകി വികാരത്തുടിപ്പുകൾ.
താരിട്ടു കാണുമെന്നാശിച്ചു നട്ടത-
ല്ലി വെറും മണ്ണിൽ തളിർത്തൊരീ മല്ലിക
നാമ്പുകൾ നുള്ളിയടർത്തിയില്ലാ, ചെടി
ക്കുമ്പിനു വെള്ളം തളിച്ചില്ലയെങ്കിലും
താലോലമേറ്റു തഴയ്ക്കാത്ത മേനിയിൽ
താരുണ്യമൊന്നു തഴുകിയന്നെന്തിനോ
പാററിപ്പടർന്നു വളർന്നില്ലയെങ്കിലും
മൊട്ടിട്ടു മേനി തളർന്നില്ലൊരിക്കലും!

പിന്നെ വിലക്കിയില്ലെന്നു ;ല്ലിതൾ വിരി-
ഞ്ഞെന്നും മരന്ദം നുകരാൻ കൊതിച്ചു ഞാൻ .......
അംഗീകരിക്കാത്ത വല്ലിയെൻ വാടിയിൽ
സംഗീതമൂതുന്ന സൌന്ദര്യറാണിയായ് !

* * *

ഞെട്ടറ്റു വീണടിഞ്ഞെൻ മനോവാടിയിൽ
മൊട്ടിട്ടൊരായിരം പ്രേമപ്രതീക്ഷകൾ .........
"ശങ്കയില്ലൊട്ടുമിജ്ജീവിത മന്മത-
ന്നങ്കതലത്തിൽ പുലരും കിനാവുകൾ"
"പുല്ലിലും പൂഴിപ്പുരപ്പിലും ജീവിത-
മുല്ലസിക്കു ;ന്നതിന്നപ്പുറം ശൂന്യമാം."
കാലഘട്ടങ്ങൾ കടന്നു പോകുമ്പൊഴെൻ
കാതിൽ മന്ത്രിച്ചു തന്നെന്തിനാണീവിധം
ഇത്രമേൽ ശുഷ്കമാണെങ്കിലീ ജീവിത-
മിത്രകാലംവരെ കണ്ണീർ തുടയ്ക്കണോ ?
ചക്രവാളത്തിനുമപ്പുറം ജീവിത-
ചക്രം തിരിയ്ക്കുന്ന പ്രേമരഹസ്യത്തളിൽ—
താരാട്ടു കേട്ടു മയങ്ങുംവരേയ്ക്കുമായ്
തീരുന്നതില്ലീ വിപുലമാം നാടകം.
കാവ്യാനുഭൂതികൾ നൃത്തമാടുന്നൊരാ-
പൂവണി മേടയിൽ പൂത്ത വസന്തവും
അക്കരെ ദ്യോവിന്റെ മാറിലണിയിച്ചു
മൌക്തികമാലയും വാടിക്കരിഞ്ഞുപോം !........

* * *

വിങ്ങും കരളുമായീ മണൽത്തിട്ടിലെ-
തിങ്ങു മിരുളിൽ തല ചായ്ക്കയില്ലഞാൻ
പ്രക്ഷുബ്ധ ജീവിതക്കോളിലിറക്കുവാ-
നിക്കളിയോടമൊരുക്കുകയാണിനി.

# പടക്കളത്തിലേക്ക്


[ശിവപ്രസാദ്, ചെറുവണ്ണൂർ]

അമ്മേ! ഞങ്ങൾക്ക് വിടതരൂ!
നിത്യനൂതനവും ചിരപുരാതനവുമായ
ദേവിയുടെ മൂല്യങ്ങൾ കാത്തുരക്ഷിക്കാൻ
ഇതാ, ഈ മക്കൾ പോവുകയായി!
ഞങ്ങൾക്ക് വിടതരൂ!
പൊന്നുഷസ്സിൽ പൂമാലകൾ കോർക്കാനോ
സന്ധ്യാരാഗത്തിന്റെ സൌന്ദര്യപ്പൊലിമ നുകരാനോ,
അല്ല,
മഞ്ഞണിഞ്ഞ മാമലകളിൽ മഞ്ഞവ്യാളങ്ങളോട്
പോക്കിടുവാൻ
ദേവീ! കൈലാസശിഖരത്തിൽ രുദ്രൻ സംഹാരതാണ്ഡവം-
തുടങ്ങിക്കഴിഞ്ഞു.
ഇതാ, ആ ഭൂതഗണങ്ങളോടൊത്ത് ഭവതിയുടെ-
പുത്രന്മാരും യാത്രയായി.
അമ്മേ! വിടതരൂ!
പാവനമായ സ്നിഗ്ദ്ധമായ തിരുമേനിയെ കളങ്ക-
പ്പെടുത്താൻ ശ്രമിക്കുന്ന
വഞ്ചനയുടെയും നീചത്വത്തിന്റെയും പര്യായമായ
മലവെള്ളം കണക്കെ ഇരമ്പിവരുന്ന
ആ രാത്രിഞ്ചരന്മാരെ കൊന്നൊടുക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കൂ!
അമ്മേ! പാഞ്ചജന്യമതാ മുഴങ്ങുന്നു!
രണഭേരിയതാ അടിക്കുന്നു!
കുരുക്ഷേത്രം ആവർത്തിക്കട്ടെ!
ഒടുക്കട്ടെ നീചന്മാരെ!
ദേവീ! അജയ്യരാണ് ഞങ്ങൾ, അജയ്യർ!

"ഭാരത്മാതാ-കീ-ജയ്"

# ശപ്തസ്മൃതികൾ

യു. കലാനാഥൻ, ബി. എസ്സ്‌സി. III



ശോകാന്ധകാരോൽ ഭവോഗ്രമകല്ലാന്ത—
സൂര്യനുദിച്ചു ജ്വലിക്കുന്ന വേളയിൽ
വൻതാപ രശ്മികൾ വീണു വീണാമുഗ്ദ്ധ
പൊൻതാഴികക്കുടം വെന്തുരുകീടവേ,
വേദനയൂതിപ്പിടിപ്പിക്കുവാൻ ശുഷ്ക
വേദാന്തമാകും വിറകുകൾ കൂട്ടി നീ!,
ചെന്താരിലും മൃദുലാംഗങ്ങളെന്തിനേ
ചെന്തീയിൽ ചുട്ടു ദഹിപ്പിച്ചു നിർദ്ദയം!
മാംസ ദാഹത്തിൻ വരൾച്ചയിലെത്രമീ-
മാംസകൾ മേലിലും ചാമ്പലായ് തീർന്നിടാ!


എങ്കിലും ലോകമേ, നീറിത്തെളിയുമാ-
തങ്കക്കനലുകൾ കാണുമാ ചാമ്പലിൽ!
എന്തെന്തു ശുദ്ധികൾ ശാന്ത ഗംഭീരമായ്
ചിന്തുമീ യൂഴിയിലാക്കനൽക്കട്ടകൾ!

പൊട്ടിത്തെറിച്ചേറെറാരാ കരൾച്ചില്ലുകൾ—
തട്ടിത്തകർന്നുപോയെൻ ശോകഹൃത്തടം!
പൊട്ടിച്ചിരിച്ചു നീ ലോകമേ,യപ്പൊഴും
കുട്ടിക്കളിയാണു നിൻമലർ വാടിയിൽ!........

എന്നന്തിമാടംകൂരയും കിനാക്കളാൽ
പൊന്നണിയേണമെന്നാശിപ്പതില്ല ഞാൻ!
എന്നാലതിന്മേൽ വിഷാദലതികകൾ
വന്നു പടർന്നാൽ പറിച്ചുമാററില്ല ഞാൻ!
ആനികുഞ്ജത്തിലൊളിച്ചിരുന്നെപ്പൊഴും
ഞാനീയുലകിനു താരാട്ടു പാടിടും.
രാവിന്നവസാനയാമത്തിലെങ്കിലു-
മീവിശ്വമൊന്നുറങ്ങാതിരുന്നീടുമോ?
ഞാനാശ്വസിക്കുമെൻ ഗാനത്തിലാണവ-
ളാനന്ദ സ്വർഗ്ഗമണഞ്ഞതെന്നെപ്പൊഴും

ഇല്ലാ വെളിച്ചമെന്നുള്ളിലിരുട്ടിൻെറ—,
വെല്ലുവിളികൾക്കുമുന്നിൽ കുഴങ്ങി ഞാൻ,
ലോകം നിറയെത്തുളുമ്പും കിനാവിൻെറ
നാകത്തിലേക്കു ഞാനെത്തിയില്ലിപ്പൊഴും!
മിന്നൽക്കൊടികളൊളിച്ചിരിയ്ക്കും മുകിൽ
കന്യതൻ ഹൃത്തിന്നഗാധതലങ്ങളിൽ
സ്നിഗ്ദ്ധമൃദുല വികാരങ്ങളെപ്പൊഴും
ഗദ്ഗദോത് ഭിന്നരായ് കണ്ണീരൊഴുക്കവേ
രാവിൻെറ ദേവാലയങ്ങളിൽ താരക—
പ്പൂവുകളർച്ചിച്ച കൈകളെപ്പുൽകുവാൻ
പൊന്നിളംവെയ്ലിൻ വിരിമാറിലേക്കിനി
യൊന്നു ചായട്ടെ ഞാൻ, മൂകാന്ധകാരമേ!
മുന്തിരിവള്ളികൾ തേൻ നിറകുംഭങ്ങ—
ളന്തിയിൽ കാഴ്ചവെയ്ക്കുന്ന വഴികളിൽ,
പൊന്നിൻ ചിറകിട്ടടിച്ചടിച്ചാത്മാവു
തെന്നിപ്പറക്കുന്ന വേഴാമ്പൽ മാതിരി!
അന്തരാത്മാവിൻ വിമൂകവികാരങ്ങ—
ളന്ത്യോപഹാരമൊരുക്കുന്ന വേളയിൽ
അന്തർഗതങ്ങളിൽ കൈ ചലിക്കുമ്പൊഴി
ത്തന്തികൾ നീരവം നിന്നുപോകുന്നിതാ!
മുമ്പും സ്മൃതികൾ തൻ ചില്ലലമാരിയ—
ത്തംബുരു കാത്തുസൂക്ഷിച്ചതാണെങ്കിലും
ഇന്നെനിക്കീ മണിവീണതൻ തന്ത്രിയിൽ
നിന്നൊരു ഗാനം കൊരുക്കാവതല്ലിനി!
തൂവെളിച്ചം നിറഞ്ഞോളം തുളുമ്പിടും
ഭാവനപോലും വിതുമ്പിക്കരയവേ
ശപ്തസ്മൃതികൾ വിടരും മുൾക്കള്ളികൾ
തൃപ്തരാകുന്നു മനസ്സിൻ 'സഹാറ'യിൽ!

കത്തിക്കരിയും മണൽക്കാടിനുള്ളിലു—
മിത്തിരി തേൻനീരുറവെട്ടുന്നെങ്കിലോ,
മുത്തമേകട്ടെ ഞാനാമരുപ്പാന്തതൻ—
ഹൃത്തിനെ,ൻ കണ്ണീരിലാണ്ടുനിന്നിപ്പൊഴും!



# സ്വാതന്ത്ര്യം

—പി. എസ്സ്. ഉണ്ണി, ബി. എസ്സ്‌സി. I

വത്സരങ്ങളോരോന്നായി പിമ്പേ-
തട്ടിമാററി സുദിനം വരുന്നു.
എത്തിനോക്കുന്നിതിന്ത്യതൻഹൃത്തിൽ-
ബാപ്പുജിതൻ മധുരമാം സ്മേരം
ആയതിൻ സഹചാരിയെത്തു-
ന്നായിരം മധുരസ്മൃതിവൃന്ദം.

തെല്ലിടയോപ്പൂ ജീവനെ ത്യാഗ-
കല്ലിലപ്പിച്ചോരാത്മാക്കളെ നാം.
അല്ല ഹൃത്തിലുദിക്കുന്നവരെ-
ഫുല്ലമാക്കിയ സ്വാതന്ത്ര്യ ദാഹം.

തേടിപ്പോകെ യുഗങ്ങൾക്കു പിമ്പായ്:
സ്വാതന്ത്ര്യദാഹമെപ്പോഴും ഭവിച്ചു?
പ്രാണിജീവിതത്തിൻെറ ചരിത്ര-
മാണാ സ്വാതന്ത്ര്യ ദാഹത്തിൻെറയും!

അച്ചേദകോശമായത്രെ ജീവ-
നല്പതിച്ചപോൽ ഭൂമുഖംതന്നിൽ
ഒപ്പമുള്ളിൽ കിളർത്തതാണത്രെ-
യുല്പതിക്കുവാനുള്ളൊരായിച്ഛ.

ചുററുപാടും വിലങ്ങിട്ടു നിത്തും-
അററമില്ലാപരിധികളത്രെ-
കല്പിച്ചേവം പ്രകൃതിയയച്ചു-
സൃഷ്ടിചെയ്തു വിടുന്ന കൂട്ടത്തിൽ!

ജീവിത ചക്രവാളത്തിലെത്തു-
ന്നായുഷസ്സാകമുല്പതനേച്ഛ.
ആ പ്രതിബന്ധങ്ങളരികളെല്ലാം-
തട്ടിമാററിപ്പടിപടിയായി.

അപ്പരിധികളൊന്നുമേയൊട്ടും-
ഗ്രസ്തമാക്കില തന്നഭിലാഷം-
ആ ബലിക്കല്ലിൽ തപ്പിച്ചതില്ല-
ജീവമോഹക്കരുതിയെയത്രെ!

സത്യസ്വാതന്ത്ര്യ മേഖല നോക്കി-
നിത്യം നിത്യം കുതിക്കുകയാവാം.
അക്കുതിക്കലിൽ കണ്ടിടുന്നുണ്ടാ-
യെത്തിനോക്കുന്ന സ്വാതന്ത്ര്യലക്ഷ്യം.
നിത്യസുന്ദര സ്വാതന്ത്ര്യമെത്താൻ-
നിത്യമായുള്ളൊരപ്രയാണത്തിൽ,
ജീവകോശമാമർത്ത്യനിലോള-
മേവമെത്തി യുഗങ്ങൾക്കു പിമ്പായ്!
വെട്ടിമാററി കരുത്തുററ കൈകൾ-
തട്ടിനീക്കിയാക്കളരികളെന്നാൽ-
വീണ്ടും നീളുകയാണാ ശിരസ്സാ-
യന്ത്യം കാണാത്തൊരാനന്ദം പുൽകാൻ.
സത്യമാണത്രെ നിത്യം കുതിക്കും-
മർത്ത്യാത്മാവുതൻ ലക്ഷ്യമാം ക്ഷേത്രം!
അപ്രതിഹത സ്വാതന്ത്ര്യ വാഞ്ഛ-
യത്രത്തോളമാണെന്നു ഞാൻ കേൾപ്പൂ!
എത്ര നിസ്സാരമാമെൻ മനസ്സും-
ചിത്രം നിന്നാൽ സമാവൃതമത്രെ!
ഹൃത്തിലാനന്ദധാര ചൊരിയും
സത്യസ്വാതന്ത്ര്യ ഗീതി! നമസ്തേ!!